മണീടു് പഞ്ചായത്തിലെ ജൂനിയർ എഞ്ചിനീയർ ഓഫീസു്

590. [799] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണീടു് പഞ്ചായത്തിൽ കെ. എസ്. ഇ. ബി. യുടെ ഒരു ജൂനിയർ എഞ്ചിനീയർ ആഫീസു് തുടങ്ങണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

കക്കാടിൽ ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ

591. [807] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം പഞ്ചായത്തിൽ കക്കാടിൽ ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ തുടങ്ങുന്നതിനു വേണ്ട നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എന്നു് ആരംഭിക്കുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി) സബ്സ്റ്റേഷൻ പണിയുന്നതിനു ആവശ്യമായ സ്ഥലം 19-6-1986-ൽ പൊന്നും വിലയ്ക്കെടുത്തു പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടു്. 1988-89-ൽ കമ്മീഷൻ ചെയ്യാനാണു് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളതു്.

പട്ടികജാതി കോളനികളിൽ വൈദ്യുതി എത്തിക്കുവാൻ നടപടി

592. [808] ശ്രീ. എം. കെ. കേശവൻ :
,, കെ. ടി. കണാരൻ :
,, കെ. വി. സുരേന്ദ്രനാഥു് :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര പട്ടികജാതി കേന്ദ്രങ്ങളിൽ വൈദ്യുതി എത്തിക്കാൻ കഴിഞ്ഞു;

(ബി) വൈദ്യുതി എത്താത്ത എത്ര പട്ടികജാതി കോളനികളും സെറ്റിൽമെന്റുകളും ബാക്കിയുണ്ടു് ;

(സി) എന്നത്തേക്കു്. ഈ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുവാൻ കഴിയുമെന്നു് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ 30-9-1986 വരെ 79 പട്ടികജാതി കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി, സി) സംസ്ഥാനത്ത് ഇനിയും വൈദ്യുതീകരിക്കാനുള്ള പട്ടിക വർഗ്ഗ കോളനികളുടെയും സെറ്റിൽമെന്റുകളുടെയും കണക്ക് ഇലക്ട്രിസിറ്റി ബോർഡ് സൂക്ഷിക്കുന്നില്ല. ഡിസ്ട്രിക്റ്റ് വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശ ലഭിക്കുന്ന മുറയ്ക്കു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക മുൻഗണന കൊടുത്ത് ബോർഡ് വൈദ്യുതീകരണ ജോലികൾ ചെയ്യുന്നു എന്നതാണ് നടപടിക്രമം. ശുപാർശചെയ്യപ്പെട്ടിട്ടുള്ള കോളനികൾ കഴിയുന്നതും ഈ സാമ്പത്തിക വർഷം തന്നെ വൈദ്യുതീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

മലബാറിലെ വോൾട്ടേജ്

593. [809] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വെളിപ്പെടുത്തുമോ ;

(ബി) ശ്രീകണ്ഠപുരം സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) എന്നത്തേക്കു ഇതു പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

(എ) സുൽത്താൻ ബത്തേരിയിൽ ഒരു സബ്സ്റ്റേഷനും കുറ്റിയാടി കണ്ണൂർ 110 കെ. വി. ലൈനും കമ്മീഷൻ ചെയ്തു കഴിഞ്ഞു. മട്ടന്നൂർ സബ്സ്റ്റേഷന്റെ പണി മിക്കവാറും പൂർത്തിയായി. ഇതു 1986 ഡിസംബറിൽ കമ്മീഷൻ ചെയ്യാമെന്നാണു പ്രതീക്ഷിക്കുന്നത്. ചേലാറി, കൊയിലാണ്ടി എന്നീ സബ് സ്റ്റേഷനുകളുടെ പണിയും തലശ്ശേരി 66 കെ. വി. സബ് സ്റ്റേഷൻ 110 കെ. വി. ആക്കുന്ന ജോലിയും അടുത്ത വർഷം പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. ചിറ്റൂർ മുള്ളേരിയ എന്നീ സബ് സ്റ്റേഷനുകളുടെയും, കഞ്ഞിക്കോട്-ചിറ്റൂർ, തിരൂർ, ഇടപ്പാൾ, കാസർഗോഡ് മുള്ളേരിയ എന്നീ ലൈനുകളുടെയും പണി തുടങ്ങികഴിഞ്ഞു.

കൂടാതെ ലോകബാങ്കിന്റെ സഹായത്തോടുകൂടി കണ്ണൂരും കാസർഗോഡും ഓരോ 220 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഇടുക്കി-കോഴിക്കോട്, കോഴിക്കോട്-കണ്ണൂർ, കണ്ണൂർ-കാസർഗോഡ് എന്നീ 220 കെ. വി. ലൈനുകൾ വലിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ശ്രീകണ്ഠപുരം സബ് സ്റ്റേഷനാവശ്യമായ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് പ്രാരംഭജോലികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) 1988-89-ൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly